**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1231** **12-02-2025 - ൽ മറുപടിയ്ക്ക്**

**കണ്ടറ മണ്ഡലത്തിലെ റോഡ് പ്രവൃത്തികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കണ്ടറ മണ്ഡലത്തിലേയ്ക്ക് അനുവദിച്ചിട്ടുള്ളതും നിലവിൽ നടന്നു വരുന്നതുമായ റോഡ് പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ? | (എ) | കണ്ടറ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിഭാഗങ്ങൾക്ക് കീഴിൽ അനുവദിച്ചിട്ടുള്ളതും നിലവിൽ നടന്നു വരുന്നതുമായ റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

ഔട്ട 1231

# അനുബന്ധം

## പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന് കീഴിൽ വരുന്ന റോഡു പ്രവൃത്തികൾ

1. നബാർഡ് ധനസഹായത്തോടെ ബി.എം. & ബി.സി നിലവാരത്തിൽ പുനരുദ്ധാരണം നടന്നുവന്ന പേരയം- കുമ്പളം- ഓണമ്പലം റോഡിന്റെ ബി.എം. & ബി.സി പ്രവൃത്തി പൂർത്തീകരിച്ചു. ആകെ 6.3 കിലോമീറ്റർ ദൈർഘ്യമുള്ള നാല് റീച്ചുകൾ ഉൾപ്പെട്ട ടി റോഡുകളുടെ ട്രാഫിക് സേഫ്റ്റി ഉൾപ്പെടെയുള്ള മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചു

2. ബഡ്ജറ്റ് 2021-22-പ്ലാമൂട്-നല്ലില-കുളപ്പാടെ റോഡിന്റെ ബി.എം. വരെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു

3. ബജറ്റ് 2024-25 ൽ ഉൾപ്പെടുന്ന കൊട്ടിയം-കുണ്ടറ റോഡിൽ ചെയ്നേജ് 3/900 മുതൽ 7/700 വരെ (കണ്ണനല്ലൂർ മുതൽ സൊസൈറ്റി ജംഗ്ഷൻ വരെ) യുള്ള ബി.സി ഓവർലേ നവികരണ പ്രവൃത്തികൾ പൂർത്തിയായി.

4. ബജറ്റ് 2023-24 ൽ ഉൾപ്പെടുന്ന ചെയ്നേജ് 7/700 മുതൽ 11/700 വരെയുള്ള ( ആശുപത്രി മുക്ക് പെരുമ്പുഴ) പ്രവൃത്തി കരാറുകാരൻ ഉയർന്ന തുക ക്വാട്ട് ചെയ്തതിനാൽ ടെണ്ടർ അംഗീകാരത്തിനായി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു

## പ്രോജക്ട് ഡയറക്ടർ, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ,കെ.ആർ.എഫ്.ബി.-യ്ക്ക് കീഴിൽ വരുന്ന റോഡു പ്രവൃത്തികൾ

**1.**കുണ്ടറ - ചിറ്റുമല- ഇടച്ചാൽ- മൺട്രോതുരുത്ത് റെയിൽവേ സ്റ്റേഷൻ റോഡ്
പ്രസ്തുത റോഡ് പ്രവൃത്തിക്കായി 15 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും കിഫ്ബിയിൽ നിന്ന് 25.80 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമായിട്ടുള്ളതാണ്. പ്രവൃത്തിയുടെ കരാർ ഏറ്റെടുത്ത ആദ്യ കരാറുകാരനായ M/s തോപ്പിൽ കൺസ്ട്രക്ഷൻസിനെ പ്രവർത്തിയുടെ സമയബന്ധിതമായി പൂർത്തീകരണത്തിനുണ്ടായ വീഴ്ച കണക്കിലെടുത്ത് കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ ഈ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കിയിരുന്നു. തുടർന്ന് ബാക്കി പ്രവൃത്തികൾ M/s ആംകോ ഇൻഫ്രാ പ്രൈവറ്റ് ലിമിറ്റഡ് എന്ന കരാറുകാരൻ 19.50 കോടി രൂപയ്ക്ക് ഏറ്റെടുത്ത് പള്ളിമുക്ക് മുതൽ പൊട്ടിമുക്ക് വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു. പൊട്ടിമുക്ക് മുതൽ ചിറ്റുമല II റോഡ് വരെയുള്ള ഭാഗത്തെ JJM പൈപ്പ് സ്ഥാപിച്ചതിന്റെ റെസ്റ്റോറേഷൻ നിലവിലെ കോൺട്രാക്ടർ ചെയ്യാൻ തയ്യാറല്ലാത്തതിനാൽ 30.01.2025-ൽ കിഫ്ബിയിൽ നടന്ന മീറ്റിഗിൽ ഈ കോൺട്രാക്ട് Foreclose ചെയ്യുന്നതിനായി കിഫ്ബിയിൽ നിന്ന് തീരുമാനിച്ചുള്ളതായി അറിയിച്ചിട്ടുണ്ട്.

2. ഉമയനല്ലൂർ -കല്ലുവെട്ടാംകുഴി-താഹ -കരിക്കോട് റോഡ്
പ്രസ്തുത പദ്ധതിക്ക്. 20 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 36.1 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിരുന്നു. 72% പ്രവർത്തി പൂർത്തീകരിച്ച പ്രവൃത്തി

കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ ടെർമിനേറ്റ് ചെയ്ത ശേഷം പ്രവൃത്തി പുനഃ ക്രമീകരിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നടത്തി വരുന്നു.

3.കണ്ണനല്ലൂർ ജംഗ്ഷൻ വികസനം

പ്രസ്തുത റോഡ് പ്രവർത്തിക്കായി 21 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും കിഫ്ബിയിൽ നിന്ന് 28.42 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിരുന്നു. ഇതിനോട് അനുബന്ധിച്ച സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഏറ്റെടുത്ത ഭൂമിയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ പൊളിച്ച് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സർവ്വേ റിപ്പോർട്ട് തയ്യാറാക്കൽ, ലേല നടപടികൾ തുടങ്ങിയ കാര്യങ്ങൾ പുരോഗമിക്കുകയാണ്. കൂടാതെ പ്രവർത്തിക്കായുള്ള റിവൈസ്ഡ് FS ലഭ്യമാക്കുന്നതിനു വേണ്ടി Technical Appraisal റിപ്പോർട്ടിന്റെ compliance സും ഉൾപ്പെടുത്തി DPR പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ നിന്നും തയ്യാറായി വരുന്നു.

## നിരത്ത് പരിപാലന വിഭാഗത്തിനു കീഴിൽ വരുന്ന റോഡ് പ്രവൃത്തികൾ

റണ്ണിംഗ് 'കോൺട്രാക്ട്' പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ 2021-22 സാമ്പത്തിക വർഷത്തിൽ, 33 ലക്ഷം രൂപയുടെ 5 റോഡുകളുടെ (Kanjirakodu Thettikunnu Hospital mukku road, Hospital Mukku-Kakkolil road. Kundara Mukkada Pallimukku road, Koduvila Shinkarapally-Kakkattukadavu road, Marthandapuram-Ferry road) പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

റണ്ണിംഗ് കോൺട്രാക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ 2023-24 സാമ്പത്തിക വർഷത്തിൽ, 16 ലക്ഷം രൂപയുടെ 5 റോഡുകളുടെ (Kanjirakodu Thettikunnu Hospital mukku road, Hospital Mukku-Kakkolil road. Kundara Mukkada Pallimukku road, Koduvila Shinkarapally-Kakkattukadavu road, Marthandapuram-Ferry road) പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ, 5 റോഡുകൾക്കായി (Kanjirakodu Thettikunnu Hospital mukku road, Hospital Mukku-Kakkolil road, Kundara Mukkada Pallimukku road, Koduvila Shinkarapally-Kakkattukadavu road, Marthandapuram -Ferry road) 15.22 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## കെ.എസ്.റ്റി.പി- യ്ക്ക് കീഴിൽ വരുന്ന റോഡ് പ്രവൃത്തികൾ

1. കെ.എസ്.റ്റി.പി രണ്ടാംഘട്ടത്തിലെ World Bank Assisted road challenge fund - ലെ Road Safety improvements പ്രവൃത്തി നടക്കുന്ന കൊട്ടിയം-കണ്ടറ റോഡിന് 11.70 കി.മീ. നീളമാണുള്ളത്. പ്രസ്തുത പ്രവൃത്തിക്ക് 90 ശതമാനം നിർമ്മാണ പുരോഗതി കൈവരിക്കുകയും തുടർപ്രവർത്തികൾ നടന്നു വരികയും ചെയ്യുന്നു.

2. OPBRC പാക്കേജ് 3-യിൽ ഉൾപ്പെടുന്ന 5 റോഡുകളിൽ കൊല്ലം -ആയൂർ റോഡിലെ 6. കി.മീ. റോഡാണ് കണ്ടറ മണ്ഡലത്തിലൂടെ കടന്നു പോകുന്നത്. ടി പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി 36.5 ശതമാനം ആണ്.